**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ജീവനക്കാര്യം - തൃശ്ശൂർ നഗരസഭയിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എ.എസ്.ഷിബു അഹമ്മദ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 515/2020 നമ്പർ കേസിലെ 12.03.2020 തീയതിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ) നം. 275/2021/തസ്വഭവ                    തീയതി,തിരുവനന്തപുരം,01.02.2021

---

പരാമർശം :

1. തൃശ്ശൂർ നഗരസഭയിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എ.എസ്.ഷിബു അഹമ്മദ് സർക്കാരിൽ സമർപ്പിച്ച 31.01.2020 തീയതിയിലെ നിവേദനം. (അനക്ഷർ A16)
2. ശ്രീ. എ.എസ്.ഷിബു അഹമ്മദ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 515/2020 നമ്പർ കേസിലെ 12.03.2020 തീയതിലെ വിധിന്യായം
3. നഗരകാര്യഡയറക്ടറുടെ 22.10.2020 തീയതിയിലെ വി1-23892/2019 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ തൃശ്ശൂർ നഗരസഭയിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എ.എസ്.ഷിബു അഹമ്മദ് പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച നിവേദനം പ്രകാരം തനിക്കെതിരേ നെടുമങ്ങാട് നഗരസഭാസെക്രട്ടറി ആരംഭിച്ച ശിക്ഷണനടപടികൾ പുനഃപരിശോധിക്കണമെന്നും, തന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ചതും തനിക്കെതിരെയുള്ള അച്ചടക്കനടപടി ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല ത്തോടെയല്ലാതെ ഒരു വർഷക്കാലത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കിയതുമായ ഉത്തരവ് റദ്ദാക്കണമെന്നും അപേക്ഷിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 515/ 2020 നമ്പർ കേസിലെ 12.03.2020-ലെ ഉത്തരവ് പ്രകാരം അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള 31.01.2020 തിയതിയായ അപ്പീൽ അപേക്ഷ(അനക്ഷർ16)യിന്മേൽ,

കോടതി ഉത്തരവ് ലഭിച്ച് 6 ആഴ്ചക്കകം, ടിയാനെ കേട്ടതിനുശേഷം, നിയമാനുസൃതമായ തീരുമാനം കൈകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശത്തിന്റെ യടിസ്ഥാനത്തിൽ തൃശ്ശൂർ നഗരസഭയിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എ.എസ്.ഷിബു അഹമ്മദിനെ 23.10.2020-ന് രാവിലെ 11.30 -ന് നേരിൽ കേട്ടു. നഗരകാര്യവകുപ്പിലെ സീനിയർ സൂപ്രണ്ടും സന്നിഹിതനായിരുന്നു.

3. നേരിൽ കേട്ട സമയത്തെ ശ്രീ. എ.എസ്.ഷിബു അഹമ്മദിന്റെ വാദങ്ങൾ പ്രകാരം, നിയമപരമായ യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെയാണ് വ്യക്തി വൈരാഗ്യം നിമിത്തം നെടുമങ്ങാട് നഗരസഭ സെക്രട്ടറി 24.7.2019-ൽ ടിയാനെ സസ്പെൻഡ് ചെയ്യുകയും തുടർന്ന് അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്തത് എന്നും ടിയാനെ സസ്പെൻഡ് ചെയ്ത നടപടികൾക്ക്, തൊട്ടടുത്ത നഗരസഭകൗൺസിലിന്റെ അംഗീകാരം തേടിയിട്ടില്ലായെന്നും പിന്നീട് കൂടിയ മൂന്നാമത്തെ നഗരസഭകൗൺസിൽ യോഗത്തിൽ ടിയാന്റെ സസ്പെൻഷൻ വിഷയത്തിൽ എടുത്ത തീരുമാനത്തിന്റെ പകർപ്പ് ടിയാന് നൽകിയിട്ടില്ലായെന്നും ടിയാൻ അറിയിച്ചു. സസ്പെൻഷൻ റിവ്യൂകമ്മറ്റി ടിയാന്റെ സസ്പെൻഷൻ വിഷയം പരിഗണിച്ചില്ലായെന്നും ടിയാൻ അറിയിച്ചു. കൂടാതെ OA 515/2020-നുമേൽ ബഹു. ട്രിബ്യൂണലിന്റെ 12.3.2020-ലെ ഉത്തരവിലെ നിർദ്ദേശം മറികടന്ന് പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാനെ 14.10.2020-ന് രാവിലെ 11 am-ന് നേരിൽ കേൾക്കുന്നതിന് നെടുമങ്ങാട് നഗരസഭസെക്രട്ടറി 29.9.2020-ലെ G1/3666/17 നം നോട്ടീസ് ടിയാന് അയച്ചുനൽകിയിട്ടുണ്ടെന്നും എന്നാൽ ടി.തിയതിയ്ക്ക് നെടുമങ്ങാട് നഗരസഭസെക്രട്ടറിയെ നെടുമങ്ങാടുനിന്നും ചെങ്ങന്നൂർ നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റിയതിനാലാണ് ആയത് നടപ്പിലാകാതെ പോയതെന്നും ശ്രീ.ഷിബു അഹമ്മദ് അറിയിച്ചു. ടിയാന്റെ 24.07.2019-ലെ സസ്പെൻഷൻ ഉത്തരവിലേയും ടിയാന് നൽകിയിട്ടുള്ള കുറ്റാരോപണമെമ്മോ, കുറ്റാരോപണപത്രിക എന്നിവയിലെയും ആരോപണങ്ങൾ പരസ്പരവിരുദ്ധമുള്ളതാണ് എന്നും ടിയാന്റെ ഭാഗത്തു നിന്നും അനധികൃതഹാജരില്ലായ്മ ഉണ്ടായിട്ടില്ലായെന്നും 25.3.2019 മുതൽ ഒരു മാസക്കാലം ആറ്റിങ്ങൽ പാർലമെന്റ് മണ്ഡലത്തിലെ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സെക്ടറൽ ഓഫീസറായി പ്രവർത്തിച്ചിരുന്നതുകാരണം ആ കാലയളവിൽ ടിയാന് നഗരസഭ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ കഴിഞ്ഞിരുന്നില്ലായെന്നും ടിയാൻ അറിയിച്ചു കൂടാതെ തൃശ്ശൂർ നഗരസഭയിലേയ്ക്ക് ടിയാനെ സ്ഥലംമാറ്റിയെങ്കിലും ടിയാന്റെ Service Book, LPC എന്നിവ അപാകത പരിഹരിച്ച് നെടുമങ്ങാട് നഗരസഭസെക്രട്ടറി നല്കിയിട്ടില്ലായെന്നും മേലുദ്യോഗസ്ഥരോടും ജനപ്രതി നിധികളോടും ടിയാൻ മോശമായി പെരുമാറിയിട്ടില്ലായെന്നും ടിയാൻ അറിയിച്ചു.ടിയാനെ സർവ്വീസിൽ

പുന.പ്രവേശിപ്പിച്ചുകൊണ്ടുള്ള നെടുമങ്ങാട് നഗരസഭസെക്രട്ടറിയുടെ 7.01.2020-ലെ ജി1-3666/11 നം ഉത്തരവ് 16.01.2020-തീയതിയിൽ മാത്രമാണ് ടിയാന് ലഭ്യമായത് എന്നും ടി. ഉത്തരവിലെ ശിക്ഷണനടപടികൾ പുന:പരിശോധിക്കണമെന്നും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി ക്രമവൽക്കരിച്ചും ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷക്കാലത്തേയ്ക്ക് തടഞ്ഞുകൊണ്ടുള്ള ഉത്തരവ് നടപടികൾ റദ്ദാക്കണമെന്നും ടിയാന് നിയമാനുസൃതം ലഭിക്കേണ്ട വാർഷികഇൻക്രിമെന്റ് അനുവദിച്ചു കൊണ്ട് ഉത്തരവാകണമെന്നും അപേക്ഷിച്ചിരുന്നു.

4. ശ്രീ.ഷിബു അഹമ്മദ് സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ (അനക്ഷർ16), ഇതേ ആവശ്യവുമായി ബന്ധപ്പെട്ട് നഗരകാര്യഡയറക്ടർക്ക് 16.01.2020-ൽ അപ്പീൽ അപേക്ഷ നൽകിയിരുന്നുവെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്ന് അറിയിച്ചിരുന്നു.

5. നെടുമങ്ങാട് നഗരസഭസെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച പരാമർശം 3 റിപ്പോർട്ട് പ്രകാരം ശ്രീ. എ.എസ്.ഷിബു അഹമ്മദ് 26.6.2019-ന് മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നത് സംബന്ധിച്ച് 27.6.2019-ന് നഗരസഭസെക്രട്ടറി ടിയാനോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നതായും ആയതിന് ടിയാൻ ഇതുവരെ മറുപടി നൽകിയിട്ടില്ലാത്തതും മേലുദ്യോഗസ്ഥരോട് ധിക്കാരപരമായി പെരുമാറിയിട്ടുള്ളതുമാണെന്നും നഗരസഭസെക്രട്ടറി ടിയാനെ 24.7.2019-ൽ സസ്പെന്റ് ചെയ്യുകയും 07.01.2020-ന് സസ്പെൻഷൻ പിൻവലിക്കുകയും ടിയാന്റെ സസ്പെൻഷൻ കാലയളവ് ക്രമവത്ക്കരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 17.01.2020 തിയതിയിൽ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും നെടുമങ്ങാട് നഗരസഭ സെക്രട്ടറിയുടെ 17.01.2020-ലെ ജി1/3666/11 നം ഉത്തരവ് പ്രകാരം ടിയാനെ 17.01.2020 പൂർവ്വാഹ്നം മുതൽ ജോലിയിൽ തിരികെ പ്രവേശിപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. നഗരകാര്യ ഡയറക്ടറുടെ 17.01.2020-ലെ ഇ 6-418/2020 നം ഉത്തരവ് പ്രകാരം ശ്രീ. എ.എസ്.ഷിബു അഹമ്മദിനെ നെടുമങ്ങാട് നഗരസഭയിൽ നിന്നും തൃശ്ശൂർ നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുകയും നെടുമങ്ങാട് നഗരസഭസെക്രട്ടറിയുടെ 23.01.2020-ലെ ജി1/415/17 Vol-II നം ഉത്തരവ് പ്രകാരം നെടുമങ്ങാട് നഗരസഭയിൽനിന്നും ടിയാനെ വിടുതൽ ചെയ്തിട്ടുള്ളതുമാണ് എന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.എ.എസ്.ഷിബു അഹമ്മദിനെ സർവ്വീസിൽ പുന.പ്രവേശിപ്പിച്ചു കൊണ്ടും സസ്പെൻഷൻ കാലയളവ് ക്രമവത്ക്കരിച്ചു കൊണ്ടും ശിക്ഷണനടപടികൾ ഏർപ്പെടുത്തിക്കൊണ്ടും പുറപ്പെടുവിച്ച നെടുമങ്ങാട് നഗരസഭാസെക്രട്ടറിയുടെ 7.01.2020-ലെ ജി1-3666/11 നം ഉത്തരവ് നടപടികൾ

ക്കെതിരെ നഗരകാര്യ ഡയറക്ടർ മുമ്പാകെ ടിയാൻ 16.01.2020-തീയതിയായി അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത അപ്പീൽ അപേക്ഷ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് നഗരകാര്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അനക്ഷർ എ 16 അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ-ന്റെ 12.03.2020 തീയതിലെ ഉത്തരവിലെ നിർദ്ദേശം മേൽ പറഞ്ഞപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം( ആമുഖ കത്ത് സഹിതം)

ശ്രീ.എ.എസ്.ഷിബു അഹമ്മദ്, ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ, തൃശ്ശൂർ നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ